# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : * 565** 22-05-2017-ൽ മറുപടി നൽകേണ്ടത്

## ഉന്നത വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.ഉണ്ണി<br>ശ്രീ.എസ്.ശർമ്മ<br>ശ്രീമതി.യു.പ്രതിഭ ഹരി<br>ശ്രീ. കെ.ആൻസലൻ | : | പ്രൊഫ.സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വിഭാവനം ചെയ്തിട്ടുള്ള നൂതന പദ്ധതികൾ താഴെ പറയുന്നതാണ്.<br>1.അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP)<br>2.ഫോസ്റ്ററിംഗ് ലിങ്കേജസ് ഇൻ അക്കാദമിക് ഇന്നവേഷൻ ആൻഡ് റിസർച്ച് (FLAIR)<br>3.വിദ്യാർത്ഥികളുടെ മികവ് മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി (SCHOLAR SUPPORT PROGRAMME)<br>4.പണ്ഡിതനൊപ്പം/പഠിതാവിനോടൊപ്പം (WALK WITH A SCHOLAR)<br>എഞ്ചിനീയറിംഗ് കോളേജുകളോടനുബന്ധിച്ച് ഗവേഷണ |

| | |
|---|---|
| | കേന്ദ്രങ്ങളും പോളിടെക്നിക്ക് കോളേജുകളോടനുബന്ധിച്ച് ഉൽപാദന പരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. വിവിധ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോടനുബന്ധിച്ച് ബിസിനസ് ഇൻകുബേഷൻ സെന്ററുകളും, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ അക്കാദമിക വ്യാവസായിക മേഖലകളുടെ സമന്വയമായ ട്രെസ്റ്റ് (Trivandrum Engineering Science and Technology Research Park (TREST)) പാർക്കും പ്രവർത്തിച്ചുവരുന്നു. എഞ്ചിനീയറിംഗ്, പോളിടെക്നിക്ക് കോളേജുകളിലെയും വിദ്യാർത്ഥികളിൽ നിന്ന് യുവ സംരംഭകരെ വാർത്തെടുക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് (KSUM) പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>റൂസ (രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ) പദ്ധതി പ്രകാരം ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗുണനിലവാരം മെച്ചപ്പെടുത്തു-ന്നതിന് സർവ്വകലാശാലകൾക്കും കലാലയങ്ങൾക്കും അടിസ്ഥാന സൗകര്യ വികസന പദ്ധതിയും, അദ്ധ്യാപക |

| | |
|---|---|
| | പരിശീലനത്തിനായി അദ്ധ്യാപക ഗുണനിലവാരം മെച്ചപ്പെടുത്തുന്ന പദ്ധതിയും, പട്ടികജാതി, പട്ടികവർഗ്ഗ, വനിതാ അംഗപരിമിത വിദ്യാർത്ഥികൾക്കായി സമത്വ സംരംഭ പദ്ധതിയും, റൂസ പ്രവർത്തനങ്ങളുടെ ഭാഗമായി, പ്രവർത്തി പരിചയ മേളകൾ സംഘടിപ്പിയ്ക്കുവാനും നൂതനമായ ആശയങ്ങൾ പ്രാവർത്തികമാക്കാനും വേണ്ടിയുള്ള വിവിധ പദ്ധതികൾ കേന്ദ്ര മാനവശേഷി മന്ത്രാലയത്തിന് സമർപ്പിയ്ക്കുകയും, അർഹമായ തുക നേടിയെടുക്കുകയും ചെയ്തു. ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ വർദ്ധനവിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് എറുഡൈറ്റ് അഥവാ Scholar in Residence Scheme. |
| ബി) ബിരുദ വിദ്യാർത്ഥികൾക്കായി ഗവേഷണ സഹായ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | ബി) ബിരുദ വിദ്യാർത്ഥികൾക്കായി ഗവേഷണ സഹായപദ്ധതികളൊന്നും ഉന്നത വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയിട്ടില്ല. |
| സി) ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കായി ആസ്പയർ സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (സി) പി.ജി/എം.ഫിൽ/പി.എച്ച്.ഡി വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയിട്ടുള്ള ആസ്പയർ സ്കോളർഷിപ്പ്. കേരളത്തിന-കത്ത് ഗവേഷണം നടത്തുന്നവർക്ക് പ്രതിമാസം 8000/- രൂപ വീതവും കേരളത്തിന് പുറത്ത് ഗവേഷണം |

| | |
|---|---|
| | നടത്തുന്നവർക്ക് 10000/- രൂപ വീതവും നൽകിവരുന്നു. പി.ജി വിദ്യാർത്ഥികൾക്ക് ഒരു മാസത്തേക്കും എം.ഫിൽ വിദ്യാർത്ഥികൾക്ക് 2 മാസത്തേക്കും പി.എച്ച്.ഡി വിദ്യാർത്ഥികൾക്ക് 3 മുതൽ 4 മാസത്തേയ്ക്കുമാണ് സ്കോളർഷിപ്പ് തുക അനുവദിച്ചുനൽകുന്നത്. |
| ഡി) ഉന്നത വിദ്യാഭ്യാസ നിലവാരം വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ഡി) വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ഉന്നത വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള 38 ഗവൺമെന്റ് കോളേജുകളിൽ എഡ്യൂസാറ്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ വിദ്യാർത്ഥികൾക്ക് Live Class കളും റെക്കാർഡ് ചെയ്ത ക്ലാസുകളും ലഭ്യമാക്കുന്നതാണ്. എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്ക് കോളേജു-കളിലും സ്മാർട്ട് ക്ലാസ്സ് മുറികൾ സജ്ജമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ 220 ലക്ഷം രൂപ 2017-18 വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയായി NMEICT-യുടെ ഭാഗമായി വിവര സാങ്കേതിക വിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസ കമ്മീഷനുമായുള്ള കണക്ടിവിറ്റി |

| | |
|---|---|
| | എല്ലാ സ്ഥാപനങ്ങളിലും ഏർപ്പെടുത്തുന്നതിനായി എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്ക് കോളേജുകളിലും ടി പദ്ധതി നടപ്പിലാക്കിവരുന്നു. |

**സെക്ഷൻ ഓഫീസർ**